**<u>ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഡയറക്ടറുടെ അഭാവത്തിൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ (ഉത്തരമേഖലാ കോഴിക്കോട്) അദ്ധ്യക്ഷതയിൽ 22/08/2024 ന് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ചേർന്ന ദ്വൈമാസ അവലോകന യോഗത്തിൻെറ മിനിട്ട്സ്.</u>**

യോഗം ഉച്ചക്ക് ശേഷം 2.30ന് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ(ഉത്തരമേഖലാ കോഴിക്കോട്) സ്വാഗതം ചെയ്തു. തുടർന്ന് 27/10/2023 ന് ചേർന്ന യോഗതീരുമാനങ്ങളുടെ നടപടി റിപ്പോർട്ട് വായിച്ചു. തുടർന്ന് 22/08/2024 രാവിലെ സെക്രട്ടറിയേറ്റിൽ നടന്ന ഇ.എസ്.ഐ റീജിയണൽ ബോർഡ് കൈകൊണ്ട തീരുമാനങ്ങൾ ചുരുക്കത്തിൽ അദ്ധ്യക്ഷൻ യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. ധന്വന്തരി സോഫ്റ്റ്‌വെയർ അടിയന്തിരമായി പൂർണ്ണമായി നടപ്പിലാക്കാൻ നിർദ്ദേശിച്ചത് ഉൾപ്പെടെയുള്ള വിഷയങ്ങൾ യോഗത്തിൽ ഉന്നയിച്ചു. പുതിയ ഓഫീസ് കെട്ടിടത്തിന്റെയും വാഹനത്തിന്റെയും അഭാവം സംബന്ധിച്ചുള്ള വിഷയങ്ങൾ ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉന്നയിച്ചു. ആശുപത്രി സൂപ്രണ്ടുമാർ ഉൾപ്പെടെയുള്ളവർ യോഗത്തിൽ സംസാരിച്ചു. യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളും ആയതിൻമേൽ എടുത്ത തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു

| ക്രമ നം. | ചർച്ച ചെയ്ത വിഷയം | തീരുമാനം |
|---|---|---|
| 1 | കുക്ക് / ദോബി തസ്തികമാറ്റം സ്പെഷ്യൽ റൂളിൽ ഉള്ള അവ്യക്തത സംബന്ധിച്ച് - | കുക്കിന്റെ ഇന്റർവ്യൂ വെയ്ക്കുമ്പോൾ അവരുടെ എലിജിബിലിറ്റി എന്താണെന്നുള്ളത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ചോദിച്ചിട്ടുണ്ടെന്നും അതിന്റെ ഒരു വ്യക്തമായിട്ടുള്ള തീരുമാനം കിട്ടാൻവേണ്ടി ഗവൺമെന്റിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്ന് അറിയിച്ചു. ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും വ്യക്തത ലഭിക്കുന്നതിനായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് കാര്യാലയത്തിൽ നിന്നും നടപടി സ്വീകരിക്കാനും സമാന തസ്തികകൾ ഉള്ള വകുപ്പിലെ സ്പെഷ്യൽ റൂൾ |

| | | |
|---|---|---|
| | | ലഭ്യമാക്കി ആയത് വകുപ്പിന് പ്രായോഗികമാണോ എന്ന് പരിശോധിക്കാനും തീരുമാനിച്ചു. |
| 2. | റൂൾ 60/61 പ്രകാരമുള്ള ബില്ലുകൾ പല സ്ഥാപനങ്ങളിലും സ്വീകരിക്കുന്നില്ല എന്ന് ഐ.പികളുടെ പരാതികൾ നിലവിൽ ഉണ്ടെന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും സൂപ്രണ്ടുമാരും യോഗത്തിൽ അറിയിച്ചു | ഇ.എസ്.ഐ കോർപ്പറേഷനിൽ ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ മുൻപെ ബില്ലുകൾ സ്വീകരിച്ചിരുന്ന പോലെ തന്നെ ബില്ലുകൾ തുടർന്നും സ്വീകരിക്കാൻ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. |
| 3. | കുക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ ടി-തസ്തികകൾക്ക് ജില്ലാ സ്ഥലംമാറ്റം അനുവദനീയമാണോ എന്നതു സംബന്ധിച്ച് - | നിലവിലുള്ള നിയമങ്ങളനുസരിച്ച് പ്രസ്തുത തസ്തികകളിലെ ജീവനക്കാർക്ക് ജില്ലാസ്ഥലംമാറ്റം അനുവദനീയമാണ് എന്ന് വ്യക്തമാക്കി. |
| 4. | ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിലും തോട്ടട ഇ.എസ്.ഐ ആശുപത്രിയിലും ഫാർമസിസ്റ്റിന്റെ തസ്തിക നികത്തുന്നതു സംബന്ധിച്ച്. | പി.എസ്.സി അധികൃതരുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനുശേഷം അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നടത്തുന്നതിൽ തുടർ നടപടി റീജിയണൽ ഡെപ്യൂട്ടി ഡയറക്റ്ററുടെ കാര്യാലയത്തിൽ സ്വീകരിക്കേണ്ടതാണ്. |
| 5. | നിലവിൽ വാടക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഇ.എസ്.ഐ ഡിസ്പെൻസറികളുടെ ഇലക്ട്രിസിറ്റി ബില്ലിൽ വരുന്ന എ.സി.ഡി. ചാർജ് അടയ്ക്കുന്നത് സംബന്ധിച്ച്. | ടി- സ്ഥാപനങ്ങളിലെ ഇലക്ട്രിസിറ്റി ബില്ലിൽ വരുന്ന എ.സി.ഡി. ചാർജ് വാടക കെട്ടിടയുടമതന്നെ അടയ്ക്കേണ്ടതെന്ന് അറിയിക്കേണ്ടതാണ്. |

| | | |
|---|---|---|
| 6. | ഗസറ്റഡ് ജീവനക്കാരുടെ ലീവ് സാങ്ഷൻ ഓർഡർ ലഭിക്കാൻ വൈകുന്നതുമൂലം എ.ജി യിൽ നിന്നും പേസ്ലിപ് താമസം ഉണ്ടാവുകയും അതുമൂലം സാലറി കിട്ടാൻ കാലതാമസം വരുന്നതു സംബന്ധിച്ച് - | ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നടപടികൾ സ്വീകരിക്കുന്നതാണ്. |
| 7. | ഹാർഡ് വെയർ ആവശ്യകത സംബന്ധിച്ച് വിവിധ സ്ഥാപനങ്ങളിൽ നിന്നും ഉന്നയിച്ച ആവശ്യം സംബന്ധിച്ച്. | കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയ ഹാർഡ് വെയറിന്റെ ആവശ്യകത നിലവിലുള്ള ഉപകരണങ്ങളുടെ എണ്ണം, പുതുതായി വാങ്ങുന്നതിന്റെ കാരണം, എന്ത് ആവശ്യത്തിനാണ് വാങ്ങേണ്ടത് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെ വ്യക്തമാക്കി ഏറ്റവും ആത്യാവശ്യം വേണ്ട ഉപകരണങ്ങളുടെ വിവരം അറിയിക്കേണ്ടതാണ്. |
| 8. | ഐ.പി, ഒ.പി രജിസ്റ്റർ ലഭ്യമാക്കുന്നത് സംബന്ധിച്ച്. | ഡയറക്ടറേറ്റിൽ നിന്നും മേഖല ഓഫീസുകളിൽ പ്രസ്തുത രജിസ്റ്ററുകൾ എത്തിക്കുന്നതിന് ഡയറക്ടറേറ്റിൽ നിന്നും നടപടി സ്വീകരിച്ചുവരുന്ന വിവരം അറിയിച്ചു. |
| 9. | ആശുപത്രി വികസനസമിതി വഴി പർച്ചേയ്സ് ചെയ്ത ഉപകരണങ്ങളുടെ എ.എം.സി പുതുക്കുന്നത് സംബന്ധിച്ച് / വാറന്റി പിരീഡിൽ സേവനത്തിനായി അപേക്ഷിച്ചതിൽ കമ്പനികൾ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച്. | ആശുപത്രി വികസന സമിതി വഴി പർച്ചേയ്സ് ചെയ്ത ഉപകരണങ്ങളുടെ എ.എം.സി പുതുക്കുന്നത് ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നും സ്റ്റേറ്റ് ഫണ്ടിൽ നിന്നും പർച്ചേയ്സ് ചെയ്ത ഉപകരണങ്ങളുടെ എ.എം.സി പുതുക്കുന്നത് സ്റ്റേറ്റ് ഫണ്ടിൽ നിന്നുമാണ്. ആയത് കാലതാമസം കൂടാതെ ചെയ്യണമെന്ന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നൽ കേണ്ടതാണ്. വാറന്റി |

| | | |
|---|---|---|
| | | പിരീഡിൽ കമ്പനികൾ റിപ്പോർട്ട് ചെയ്യാത്ത കേസുകൾ ബന്ധപ്പെട്ട കമ്പനികളെ രേഖമൂലം അറിയിച്ച ശേഷവും പ്രതികരണമില്ലെങ്കിൽ തുടർനടപടികൾക്കായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്. |
| 10. | ഇ.എസ്.ഐ കോർപ്പറേഷൻ സ്ഥാപനങ്ങളുടെ കെട്ടിടവും ക്വാർട്ടേഴ്സും അറ്റകുറ്റപണി സംബന്ധിച്ച് - | എ.ആർ.എം വർക്കുകൾ WAPCOS ലിമിറ്റഡിനെ ഏൽപ്പിച്ചുവെന്നും ഫീൽഡ് എഞ്ചിനീയർസ് സ്ഥലം സന്ദർശിച്ചതിനുശേഷം അതിനു തീരുമാനമെടുക്കുമെന്നും നം.54-CU-17-12-പി. ഡബ്ല്യു.ഡി V o 1 തീയതി 16.08.2024 പ്രകാരം ഇ.എസ്.ഐ കോർപ്പറേഷനിൽ (റീജിയണൽ ഓഫീസ്) നിന്നും അറിയിച്ചിട്ടുണ്ട്. |
| 11. | ഇമേജിനെ സംബന്ധിച്ച് - | 200/-രൂപയുടെ മുദ്ര പത്രത്തിൽ മെമ്മോറാണ്ടം ഓഫ് അണ്ടർ ടേക്കിംഗ് അച്ചടിച്ച് ഒപ്പ് വെച്ചതിന്റെ പകർപ്പ് ഇ.എസ്.ഐ കോർപ്പറേഷന് അയച്ചുകൊടുക്കുവാൻ എല്ലാ സ്ഥാപനങ്ങൾ ക്കും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ വഴി നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മെമ്മോറാണ്ടം ഓഫ് അണ്ടർ ടേക്കിംഗ് മുദ്രപത്രത്തിൽ തയ്യാറാക്കി ഇമേജിന് അയച്ചു കൊടുത്തിട്ടും നാളിതുവരെ ഇമേജിൽ നിന്നും തിരികെ മെമ്മോറാണ്ടം ഓഫ് അണ്ടർ ടേക്കിംഗ് സൈൻ ചെയ്ത് ലഭ്യമായില്ല എന്നു ചൂണ്ടിക്കാട്ടി പല സ്ഥാപനങ്ങളിൽ നിന്നും കത്ത് അയച്ചിരുന്നു. ഈ കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഇമേജിന് കത്ത് |

| | | |
|---|---|---|
| | | നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അതത് സ്ഥാപനങ്ങൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്നും ഇക്കാര്യത്തിൽ തുടർനടപടി ആവശ്യമുണ്ടെങ്കിൽ ആയതിന് വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 12. | നിലവിലുള്ള ഡോക്ടർമാരിൽ മെഡിസിൻ, സർജറി, ഓർത്തോ ഒബ്സ്ടെട്രിക്സ് & ഗൈനക്കോളജി, അനസ്തേറ്റിക്സ് എല്ലാ ആശുപത്രികളിലെയും പ്രധാന സ്പെഷ്യാലിറ്റി യ്ക്കായി സ്പെഷലിസ്റ്റ് തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. | ഇ.എസ്.ഐ ആശുപത്രികളിൽ നിലവിലുള്ള സ്പെഷ്യലിസ്റ്റ് തസ്തികകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനുവേണ്ടിയുള്ള ശിപാർശ B2-4184/2022/DIMS തീയതി 05/11/2022 പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് ഓർമ്മക്കുറിപ്പ് നൽകേണ്ടതാണ്. |
| 13. | എച്ച്.എ.ഗ്രേഡ്I പ്രൊമോഷൻ സംബന്ധിച്ച വിഷയം | എച്ച്.എ.ഗ്രേഡ് I പ്രൊമോഷൻ നൽകുന്നതിനായി ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് അടിയന്തിരമായി പുറപ്പെടുവിച്ച് സ്ഥാനക്കയറ്റം നൽകാൻ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് കാര്യാലയത്തിൽ നിന്നും സത്വര നടപടി സ്വീകരിക്കണം. |
| 14 | ധന്വന്തരി മൊഡ്യൂൾ പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഫാർമസി മൊഡ്യൂൾ അപ്ഡേറ്റ് ചെയ്യാൻ മൂന്ന് ഡി.ടി.പി ഓപ്പറേറ്റർമാരെ സ്റ്റോറുകളിൽ നിയമിക്കണമെന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ ഇക്കാര്യത്തിൽ യോഗം വേണമെന്നും നോഡൽ ഓഫീസർ അറിയിച്ചു. | ധന്വന്തരി മൊഡ്യൂൾ പൂർണ്ണമായും അടിയന്തിരമായി നടപ്പിലാക്കാൻ സർക്കാരും, ഇ.എസ്.ഐ കോർപ്പറേഷനും നിരന്തരം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ നോഡൽ ഓഫീസർ ആവശ്യമായ ഏകോപനം നടത്തേണ്ടതാണ്. ഇതിനാവശ്യമായ നിർദ്ദേശം ഡയറക്ടറേറ്റിൽ നിന്നും സ്ഥാപനങ്ങൾക്കും നോഡൽ ഓഫീസർമാർക്കും ഇ.എസ്.ഐ കോർപ്പറേഷനും ഡയറക്ടറേറ്റിൽ |

| | | |
|---|---|---|
| | | നിന്നും നൽകേണ്ടതാണ്. |
| 15 | ഇ-ഓഫീസ് സംബന്ധിച്ച വിഷയങ്ങൾ കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉന്നയിച്ചത്. | വിഷയങ്ങൾ സംബന്ധിച്ച സംക്ഷിപ്തമായ വിവരം കത്തായി ലഭിക്കുന്ന പക്ഷം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് കാര്യാലയത്തി ലെ ഐ.ടി സെൽ പരിശോധിച്ച് ആവശ്യമായ നടപടികൾ എൻ.ഐ.സി യുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്. |
| 16 | പ്രൈവറ്റ് ആശുപത്രികളിലെ ബില്ലുകൾ നിരസിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ | സ്വീകരിക്കണമോ വേണ്ടയോ എന്ന് സംശയമുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ അതത് ഡിസ്പെൻസറികളിലെ ഐ എം ഒ മാർ അവരുടെ പരിധിയിൽ വരുന്ന ആശുപത്രികളുടെ എസ്.ടി കമ്മിറ്റി മുമ്പാകെ തീരുമാനത്തിനായി സമർപ്പിക്കാവുന്നതാണ്. |
| 17 | ദക്ഷിണ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പുതിയ ബിൽഡിംഗ് വേണമെന്നും ഇതിനായി സ്ഥലം ഉണ്ടെന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടാതെ ധാരാളം ടൂർ ഉണ്ടെങ്കിലും വാഹനം ഇല്ല. ഡ്രൈവർ ഉണ്ട്. | ഇത്തരം കാര്യങ്ങൾ നിർദ്ദേശരൂപത്തിൽ തുടർനടപടികൾക്കായി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. |

**ജനറൽ**

**ഒഴിവുകൾ സംബന്ധിച്ച്**

**ആലപ്പുഴ ഇ.എസ്. ഐ.ഹോസ്പിറ്റൽ**

നഴ്സിംഗ് അസിസ്റ്റന്റ്ഗ്രേഡ്-I-1, കുക്ക്-1, ഫാർമസിസ്റ്റ് 2, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I-3, ഗ്രേഡ് II -1, എസ്റ്റാബ്ലിഷ്മെൻറ്-1, എം.ആർ.സി-1 എന്നീ സ്റ്റാഫ് വേക്കൻസികൾ ഉണ്ടെന്ന് സൂപ്രണ്ട് അറിയിച്ചു.

**പേരൂർക്കട ഇ.എസ്. ഐ.ഹോസ്പിറ്റൽ**

എം.ആർ. സി. ക്ലർക്ക്-1 ഒഴിവുണ്ടെന്ന് സൂപ്രണ്ട് അറിയിച്ചു.

**വടവാതൂർ ഇ.എസ്. ഐ.ഹോസ്പിറ്റൽ**

നഴ്സിങ് ഓഫീസർ തസ്തികയിൽ 6 ഒഴിവുകൾ ഉണ്ടെന്ന് സൂപ്രണ്ട് അറിയിച്ചു.

**എറണാകുളം ഇ.എസ്.ഐ.ഹോസ്പിറ്റൽ**

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I, ഗ്രേഡ് II -ന്റെ 10 ഒഴിവുകൾ ഉണ്ടെന്ന് സൂപ്രണ്ട് അറിയിച്ചു.

**മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ.ഹോസ്പിറ്റൽ**

ഇ.സി.ജി.ടെക്നീഷ്യന്റെയും എം.ആർ.സി.ക്ലർക്കിന്റെയും ഓരോ ഒഴിവുണ്ടെന്ന് സൂപ്രണ്ട് അറിയിച്ചു.

**ഇ.എസ് ഐ ആശുപത്രി പാലക്കാട്**

എ.ഐ.എം.ഒ-2,ഫാർമസിസ്റ്റ്-1,എക്സറേഅറ്റൻഡർ-1,ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-2 ഒഴിവുകളുണ്ടെന്ന് സൂപ്രണ്ട് അറിയിച്ചു.

ഒഴിഞ്ഞുകിടക്കുന്ന തസ്തിതകകളിൽ നിയമനത്തിനായുള്ള നടപടികൾ ഡയറക്ടറേറ്റിൽ നിന്നും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. താൽക്കാലിക തസ്തികകളിൽ നിയമനത്തിന് ഡയറക്ടറേറ്റിൽ നിന്നും നടപടി ആവശ്യമാണെങ്കിൽ ആയത് വ്യക്തമാക്കി അതാത് സ്ഥാപനങ്ങൾ വ്യക്തമായ നിർദ്ദേശം സമർപ്പിക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്നും എൻ.ഇ.സി / എൻ.ഐ.സി ലഭിച്ചാൽ എംപ്ലോയ്മെന്റ് / കോൺട്രാക്ട് നിയമനത്തിന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ നിയമനത്തിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

യോഗം 5.00 മണിക്ക് അവസാനിച്ചു.

ഡോ.ജോവാൻ കരേൻ മെയ്ൻ
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ** (ഇൻ-ചാർജ്ജ്)

**BI – MONTHLY MEETING ON 22.08.2024**

| SL. No. | Name | Designation | Name of Institution |
|---|---|---|---|
| 1 | Dr.Sudhir Kumar.V.K | Regional Deputy Director | North Zone, Kozhikode |
| 2 | Dr.V.A.Cini Priyadarsin | Regional Deputy Director | .South Zone, Kollam |
| 3 | Dr.Sasi.L | Superintendent | ESI Hospital, Mulamkunnathukavu |
| 4 | Dr.Jaya sankar.K.R | Superintendent | ESI Hospital, Feroke |
| 5 | Dr.Prasanth.N | Superintendent | ESI Hospital, Palakkad |
| 6 | Dr.Bindu Mary Francis | Insurance Medical Officer | ESI Dispensary, Pattathanam |
| 7 | Dr.Nandu Soman | Insurance Medical Officer (I/C) | ESI Dispensary, Kottarakara |
| 8 | Dr.Rema.P | Superintendent | ESI Hospital, Olarikkara |
| 9 | Dr.Annie Luke | Superintendent | ESI Hospital, Peroorkada |
| 10 | Dr.Suja.P | Pediatrics | ESIH Vadavathoor |
| 11 | [illegible] | Superintendent | ESI Hospital, [illegible] |

| | | | |
|---|---|---|---|
| 11 | Dr.Rani Prasad | Superintendent | ESI Hospital, Ernakulam |
| 12 | Dr.Bindhu Sreenivasan | Superintendent | ESI Hospital, Thottada |
| 13 | Dr.Bijumon | Superintendent | ESI Hospital, Alappuzha |
| 14 | Dr.S.Radha Krishnan | State Nodal Officer | Office of the Director of Insurance Medical Services. |
| 15 | Muhammad Thaha | Senior Finace Officer | Office of the Director of Insurance Medical Services. |
| 16 | Aseem.A | Senior Administrative Officer | Office of the Director of Insurance Medical Services. |
| 17 | Smt.R.Jayasree | Senior Superintendent | Office of the Director of Insurance Medical Services. |
| 18 | Juby George Veliyath | Junior Superintendent | Office of the Director of Insurance Medical Services. |
| 19 | Leena.S | Junior Superintendent | Office of the Director of Insurance Medical Services. |
| 20 | Sri.Anssari, | Junior Superintendent | Office of the Director of Insurance Medical Services. |
| 21 | Sri.Raveendran Pillai | Junior Superintendent | Office of the Director of Insurance |

| | | | |
|---|---|---|---|
| | | | Medical Services. |
| 22 | Nithin.A | Head Clerk | Office of the Director of Insurance Medical Services. |
| 23 | Robert.V.J | Senior Clerk | ESI Hospital, Peroorkada |
| 24 | Sabeera.A | Senior Clerk | Office of the Director of Insurance Medical Services. |
| 25 | Sreeja Chandran.P | Senior Clerk | Office of the Director of Insurance Medical Services. |
| 26 | Prasanth.S | Senior Clerk | Office of the Director of Insurance Medical Services. |
| 27 | Karthika.R | Clerk | Office of the Director of Insurance Medical Services. |
| 28 | Divya Mohan | Clerk | Office of the Director of Insurance Medical Services. |
| 29 | Sajeena.A | Clerk | Office of the Director of Insurance Medical Services. |
| 30 | Sri.Visakh.V.S, | Clerk | Office of the Director of Insurance Medical Services. |